# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കള്ളാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി11/174/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കള്ളാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി11/174/2023 തീയ്യതി: 28/03/2023

## കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 13-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 13-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ വി, ഓഡിറ്റ് ഓഫീസർ
യാദവ കുമാര സി എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രഘുനാഥൻ കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
എം ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഹരി വേണുഗോപാലൻ കെ വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ടി.കെ.നാരായണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| കെ.രവീന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ജോസഫ് എം ചാക്കോ | സെക്രട്ടറി | 08-04-2021 | 15-07-2021 |
| കെ.ബാലകൃഷ്ണൻ | സെക്രട്ടറി | 16-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ.രവീന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 12-01-2022 |
| ജോസ് അബ്രഹാം | അസിസ്റ്റന്റ് സെക്രട്ടറി | 13-01-2022 | 31-03-2022 |
| ജയരാജൻ.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 08-04-2021 |
| ഹെറിതോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 09-04-2021 | 02-02-2022 |
| ജിഥുന.കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 03-02-2022 | 31-03-2022 |
| പ്രേമലത.ഡി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 05-11-2021 |
| ശബിന.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 06-11-2021 | 24-11-2021 |
| പ്രജി.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 25-11-2021 | 31-03-2022 |
| ഡോ.ഷിൻസി.വി.കെ | മെഡിക്കൽഓഫീസർ-PHC | 01-04-2021 | 31-03-2022 |
| ഡോ.ഉഷ.പി | മെഡിക്കൽഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ബഷീറ ഭാനു.സി.പി | മെഡിക്കൽഓഫീസർ-GHD | 01-04-2021 | 31-03-2022 |
| ഡോ.ജിജിൻ. എസ് | വെറ്റിനറി സർജൻ | 01-04-2021 | 07-11-2021 |
| ഡോ.അഖിൽ.എസ് | വെറ്റിനറി സർജൻ | 08-11-2021 | 31-03-2022 |
| വിനോദിനി.എ | കൃഷിഓഫീസർ | 01-04-2021 | 31-03-2022 |
| ഉമേഷ് കുമാർ.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കള്ളാർ സർക്കിൾ) | 01-04-2021 | 16-02-2022 |
| ഒഴിവ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കള്ളാർ | 17-02-2022 | 31-03-2022 |

| | | | |
|---|---|---|---|
| | സർക്കിൾ) | | |
| ഒഴിവ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (രാജപുരം സർക്കിൾ) | 15-12-2021 | 07-03-2022 |
| ജയരാജ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (രാജപുരം സർക്കിൾ) | 08-03-2022 | 31-03-2022 |
| ആര്യാ കൃഷ്ണൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (രാജപുരം സർക്കിൾ) | 01-04-2021 | 14-12-2021 |
| സത്യൻ ജോസഫ് | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഉഷ.കെ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| പോൾ.എം.എഫ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2 |
| 3 | ഫണ്ടുകളുടെ കണക്കുകളിലെ പോരായ്മകൾ | 1-2-1 |
| 4 | വരുമാനം രേഖപ്പെടുത്തിയതിലെ അപാകതകൾ | 1-2-2 |
| 5 | ബാദ്ധ്യതാ കണക്കുകളിലെ പോരായ്മകളും കണക്കുകളിൽ സമയ ബന്ധിതമായി ക്രമീകരണങ്ങൾ വരുത്താത്തതും | 1-2-3 |
| 6 | റിക്കവറി ചെയ്ത തുകകൾ അടക്കാത്തതും റീഫണ്ട് ചെയ്യാനുള്ളവ റീഫണ്ട് ചെയ്യാത്തതും | 1-2-4 |
| 7 | അഡ്വാൻസ് കണക്കുകളിൽ അവ്യക്തത | 1-2-5 |
| 8 | ബാലൻസ് ഷീറ്റിലെ വിവിധ ഇനങ്ങളിന്മേലുള്ള നിരീക്ഷണങ്ങൾ | 1-2-6 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ഇ-ടെണ്ടർ മുഖേന ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണഫീസ് ലഭ്യമാക്കിയില്ല. | 1-10 |
| 17 | തൊഴിൽ നികുതി-അപാകതക**ൾ** | 1-11 |
| 18 | ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം തുടരുന്നു | 1-12 |
| 19 | മരുന്നിന് അഡ്വാൻസ് തുക നൽകിയയെങ്കിലും ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമായിട്ടില്ല | 1-13 |
| 20 | തൊഴിലുറപ്പ് പദ്ധതി -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട ജി.എസ്.ടി കുറവു ചെയ്യുന്നില്ല. | 1-14 |
| 21 | ടിഷ്യൂ കൾച്ചർ നേന്ത്ര വാഴ തൈ വിതരണം-രേഖക**ൾ** പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ചെലവ് തുകയായ 5,61,250 രൂപ തടസ്സപ്പെടുത്തുന്നു. | 1-15 |
| 22 | കവുങ്ങ് കൃഷിക്ക് ജൈവവള വിതരണം , ഗുണഭോക്താക്കൾക്ക് സബ്സിഡി തുകയായി 3250 രൂപ അധികം നൽകി. | 1-16 |
| 23 | നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ | 1-17 |

| | | |
|---|---|---|
| | സൂക്ഷിക്കുന്നില്ല. | |
| 24 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - ഗുണഭോക്താക്കൾക്ക് 8500 രൂപ അധികം നൽകി | 1-18 |
| 25 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾക്ക് വിവിധ സ്ഥാപനങ്ങൾക്ക് തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 1-19 |
| 26 | ബഡ്സ് സ്കൂൾ വാഹനം-പെർമിറ്റ് പുതുക്കൽ, സി.എഫ് തുക ചെലവഴിച്ചത്- അപാകത | 1-20 |
| 27 | ബഡ്സ് സ്കൂൾ വാഹനം - ഇൻഷുറൻസ് ഒടുക്കിയത് | 1-21 |
| 28 | കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചതിൽ അപാകതകൾ | 1-22 |
| 29 | ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട്- സ്റ്റേഷനറി വാങ്ങുന്നതിന് തുക ചെലവഴിച്ചതിൽ അപാകതകൾ | 1-23 |
| 30 | കില പരിശീലനം - വിശദവിവരങ്ങൾ ഹാജരാക്കിയിട്ടില്ല | 1-24 |
| 31 | പള്ളംപട്ടുക്ക കുടിവെള്ള പദ്ധതി -സർവ്വീസ് കണക്ഷൻ ചാർജ്ജ് KSEB ക്ക് നൽകിയത് | 1-25 |
| 32 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-26 |
| 33 | വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 34 | വീട് വാസയോഗ്യമാക്കൽ (TSP) - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല- | 1-28 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത. | 2-1 |
| ഭാഗം **3** | | |
| 1 | കവുങ്ങ് കൃഷിക്ക് ജൈവവള വിതരണം, ഗുണഭോക്താക്കൾക്ക് സബ്സിഡി തുകയായി 3250 രൂപ അധികം നൽകി. | 3-1 |
| 2 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - ഗുണഭോക്താക്കൾക്ക് 8500 രൂപ അധികം നൽകി | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| തീരുമാനം നമ്പർ, തീയ്യതി | 01/2022, 22/02/2021 | 7(1)/2022, 09/02/2022 |
| മുന്നിരിപ്പ് | 862374 | 609332 |
| വരവ് | 233369000 | 325760690 |
| ആകെ | 234231374 | 326370022 |
| ചെലവ് | 231997000 | 325329999 |
| നീക്കിയിരിപ്പ് | 2234374 | 1040023 |

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

കള്ളാർ ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ഫണ്ടുകളുടെ കണക്കുകളിലെ പോരായ്മകൾ

1) 31.03.2022 ലെ ജി.ഒ(ആർ.ടി)നം.2617/2022/ഫിൻ ഉത്തരവ് പ്രകാരം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള വികസന ഫണ്ടിലെയും സംരക്ഷണ ഫണ്ടിലെയും മുൻ വർഷത്തെ ക്യാരി ഓവർ തുകയുടെ പകുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം കള്ളാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് ജനറൽ-1,091 രൂപ

2.വികസന ഫണ്ട് എസി.എസ്.പി- 25,373 രൂപ

3. വികസനഫണ്ട് ടി.എസ്.പി- 11,14, 131 രൂപ

4. മെയിന്റനൻസ് ഫണ്ട് നോൺ റോഡ്- 3,77,200 രൂപ

5. മെയിന്റനൻസ് ഫണ്ട് റോഡ്- 37,496 രൂപ

ഈ തുകകളിൽ വികസനഫണ്ട് ജനറൽ ഒഴികെ മറ്റു ഫണ്ടുകൾ അനുവദിച്ച വിവരങ്ങൾ അതാത് ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

2) 26.02.2022 ലെ ജി.ഒ(ആർ.ടി)നം.1345/2022/ഫിൻ ഉത്തരവ് പ്രകാരം റോഡ്, റോഡിതര സംരക്ഷണ ഫണ്ടിന്റെ മൂന്നാം ഗഡു താത്കാലികമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം റോഡ് റോഡിതര ഫണ്ടുകളുടെ വിഹിതം പുതുക്കി നിശ്ചയിച്ചിട്ടുമുണ്ട്. കള്ളാർ ഗ്രാമപഞ്ചായത്തിന്റെ റോഡ് സംരക്ഷണ ഫണ്ടിന്റെ വിഹിതം 1,29,66,000 രൂപയായി പുതുക്കി

നിശ്ചയിക്കുകയും 1,71,42,000 രൂപ അതിനകം അനുവദിച്ചിട്ടുള്ളതിനാൽ 41,76,000 രൂപ തിരികെ മുതൽക്കൂട്ടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം തിരികെ മുതൽക്കൂട്ടിയതിന്റെ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3) 07.04.2021 ലെ ജി.ഒ(ആർ.ടി)നം.3367/2021/ഫിൻ ഉത്തരവ് പ്രകാരം ലൈഫ് ഭവന പദ്ധതിയുടെ ലോൺ തിരിച്ചടവ് ഇനത്തിൽ 29,333 രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ സുലേഖയിൽ നിന്നുള്ള ചെലവ് റിപ്പോർട്ട് പ്രകാരം ടി.എസ്.പി ഫണ്ടിൽ ലൈഫ് ഭവന പദ്ധതിയുടെ ലോൺ തിരിച്ചടവിനായി തുക വകയിരുത്തുകയോ ചെലവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4) ധനകാര്യ കമ്മിഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിലെ ആകെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 9,13,013 രൂപയാണ്. എന്നാൽ 7,25,953 രൂപ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനും 1,76,764 രൂപ റവന്യൂ ഗ്രാന്റുമായി ആകെ 9,02,717 രൂപയുടെ ചെലവുകൾ മാത്രമേ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിക്കാണുന്നുള്ളൂ.

5) ധനകാര്യ കമ്മിഷൻ ഗ്രാന്റ് അൺടൈഡ് ഫണ്ടിലെ ആകെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 22,76,202 രൂപയാണ്. എന്നാൽ 15,25,708 രൂപ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനും 6,94,46 രൂപ റവന്യൂ ഗ്രാന്റുമായി ആകെ 22,20,174 രൂപയുടെ ചെലവുകൾ മാത്രമേ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിക്കാണുന്നുള്ളൂ.

6) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേഷൻ ചെലവുകൾക്കായി പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും നൽകിയ തുകയിൽ 31.03.2022 ന് 10,70,913 രൂപ റീക്കുപ്പ് ചെയ്യാൻ ബാക്കിയുണ്ട് എന്നാണ് ബാലൻസ് ഷീറ്റിൽ ഉള്ളത് (ഹെഡ്- 460500801) ഇത് കൂടാതെ 460509901-Advance To Others എന്ന കണക്കിൽ 1,40,000 രൂപയും റീക്കുപ്പ് ചെയ്യാൻ ബാക്കിയുള്ളതായി കാണുന്നു. എന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം 1,26,743 രൂപ മാത്രമേ 31.03.2022 ന് റീക്കുപ്പ് ചെയ്യാൻ ബാക്കിയുള്ളൂ.

7) തൊഴിലുറപ്പ് പദ്ധതിയിൽ അഡ്മിനിസ്ട്രേഷൻ ചെലവ്, സാധന സാമഗ്രികൾക്കും തൊഴിലാളികൾക്കുള്ള വേതനമിനത്തിലും ചെലവ് ചെയ്ത തുകകൾ ഉൾപ്പെടെ ആകെ ചെലവ് 4,56,62,742 രൂപയാണ്. 160100628-NREGA എന്ന റവന്യൂ കണക്കിൽ പക്ഷേ 3,86,26,799 രൂപ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയിട്ടുമില്ല.

8) സുലേഖയിൽ നിന്നുള്ള ചെലവ് റിപ്പോർട്ട് പ്രകാരം വിവിധ പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും 10,22,144 രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ 160300101-contribution Towards Joint Venture Projects- District Panchayat എന്ന റവന്യൂ ഹെഡിൽ 8,44,019 രൂപ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

9) സുലേഖയിൽ നിന്നുള്ള ചെലവ് റിപ്പോർട്ട് പ്രകാരം വിവിധ പ്രോജക്ടുകൾക്കായി ബ്ലോക്ക്പഞ്ചായത്ത് വിഹിതത്തിൽ നിന്നും 19,41,441 രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ 160300102-contribution Towards Joint Venture Projects- Blockpanchayat എന്ന റവന്യൂ ഹെഡിൽ 15,34,725 രൂപ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

10) ഗുണഭോക്തൃവിഹിതം എന്ന കണക്കിൽ 2021-22 വർഷാരംഭത്തിൽ 11,25,316 രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ടായിരുന്നു. ഇതിൽ നിന്നും 10,11,250 രൂപ 31.03.2022 ലെ ജേണൽ വൗച്ചർ മുഖേന 190200401-Prior Period Income-other Incomes എന്ന വരുമാനക്കണക്കിലേക്ക് മാറ്റിയിട്ടുണ്ട്. ഈ ജേണലിന് ആധാരമാക്കിയ രേഖകൾ, അനുമതികൾ, 10,11,250 രൂപയുടെ വിശദാംശങ്ങൾ (പ്രോജക്റ്റ്, തുക) എന്നിവ ലഭ്യമല്ല.

കൂടാതെ മുന്നിരിപ്പ് തുകയിൽ ബാക്കിയുള്ള 1,14,066 രൂപയും തൻവർഷം സ്ഥാപനത്തിൽ അടച്ച ഗുണഭോക്തൃ വിഹിതത്തിൽ വിനിയോഗിക്കാൻ ബാക്കിയുള്ള 6,825 രൂപയുമടക്കം 1,20,891 രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ ബാക്കി നിൽക്കുന്നുണ്ട്. ഇത് ഏതൊക്കെ പ്രോകജ്ടുകൾക്കായി അടച്ച

തുകയാണെന്നും പ്രോജക്ടുകളുടെ നിലവിലെ സ്ഥിതിയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-2-2 വരുമാനം രേഖപ്പെടുത്തിയതിലെ അപാകതകൾ

1) 130100101-rent From Buildings എന്നയിനത്തിൽ 2,74,444 രൂപ തൻവർഷ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം തൻവർഷ ഡിമാന്റ് 2,74,392 രൂപയാണ്.

2) 110200105-profession Tax From Traders എന്നയിനത്തിൽ തൻവർഷം 2,64,800 രൂപ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൻവർഷ ഡിമാന്റ് 2,81,000 രൂപയാണ്.

3) 150110101- Sale Of Tenderform എന്നയിനത്തിൽ 4,08,401 രൂപ വരുമാനം ഉണ്ട്. എന്നാൽ ഇത് മാന്വൽ ടെണ്ടറുകളിൽ പങ്കെടുത്തവർ പഞ്ചായത്തിൽ അടച്ച തുകയാണ്. ഇടെണ്ടറുകളിലെ ബിഡ് സമർപ്പണ ഫീസ് ഈ കണക്കിൽ പെട്ടിട്ടില്ല. ഇടെണ്ടറുകളിലെ ബിഡ് സമർപ്പണ ഫീസ് കിട്ടിയതിന്റെയും കിട്ടാനുള്ളതിന്റെയും കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല.

1-2-3 ബാദ്ധ്യതാ കണക്കുകളിലെ പോരായ്മകളും കണക്കുകളിൽ സമയ ബന്ധിതമായി ക്രമീകരണങ്ങൾ വരുത്താത്തതും

1) 31.03.2022 ലെ ബാലൻസ് ഷീറ്റിൽ 320100152-other Schemes എന്ന കണക്കിൽ 2,10,650 രൂപ നീക്കിയിരിപ്പുണ്ട്. സായംപ്രഭ പദ്ധതിയുടെ ഫണ്ടാണ് ഈ കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സായംപ്രഭാ പദ്ധതിക്കായി യൂണിയൻ ബാങ്കിൽ ഉള്ള അക്കൗണ്ടിൽ (നം.76603) 31.03.2022 ന് 1,96,650 രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്.

2) 32020399-grants Contributions And Funds For Specific Purpose- Other Purpose എന്ന കണക്കിൽ നിന്നും 1,87,175 രൂപ 31.03.2022 ലെ 42101055 എന്ന ജേണൽ മുഖേന Prior Period Income- Expenses എന്ന കണക്കിലേക്ക് മാറ്റിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ (ആവശ്യം, അനുമതികൾ തുടങ്ങിയവ) ലഭ്യമാക്കിയിട്ടില്ല.

3) 320400199-grants Contributions And Funds For Specific Purpose- Other Financial Institutions എന്ന കണക്കിൽ നിന്നും 74,870 രൂപ 31.03.2022 ലെ 42101054 എന്ന ജേണൽ മുഖേന Prior Period Income- Expenses എന്ന കണക്കിലേക്ക് മാറ്റിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ (ആവശ്യം, അനുമതികൾ തുടങ്ങിയവ) ലഭ്യമാക്കിയിട്ടില്ല.

4) 31.03.2022 ലെ ബാലൻസ് ഷീറ്റിൽ 320700104-contributions For JV Projects- Capital Expenditure-from Block Panchayaths എന്ന കണക്കിൽ 10 ലക്ഷം രൂപ തൻവർഷം വരവ് വന്നിരുന്നു. പ്രോജക്ട് നം.229/22-പൂക്കുന്ന് ഓൾഡ് ഏജ് ഹോം എന്ന പ്രോജക്ടിനു വേണ്ടിയായിരുന്നു ഈ വിഹിതം ലഭിച്ചത്. ഈ പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത് നൽകിയ വിഹിതത്തിൽ നിന്നും തൻവർഷം 4,06,716 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക 320700104-contributions For JV Projects- Capital Expenditure-from Block Panchayats എന്ന കണക്കിലേക്ക് ജേണൽ ചെയ്ത് ബാദ്ധ്യത കുറവ് വരുത്തിയിട്ടില്ല. ഈ തുക Capital Work In Progress ലും ചേർത്തിട്ടില്ല.

5) 31.03.2022 ലെ ബാലൻസ് ഷീറ്റിൽ 320700205-contributions For JV Projects- Revenue Expenditure-from District Panchayats എന്ന കണക്കിൽ തൻവർഷം 5 ലക്ഷം രൂപ ജലജീവൻ പദ്ധതിക്കായി ലഭിച്ചിരുന്നു. എന്നാൽ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നത് 31.03.2022 ന് ആയിരുന്നു. ഈ തുക 30.09.2021 ലെ സർക്കുലർ നം.86/2021/ ഫിൻ ലെ നിർദേശ പ്രകാരം ട്രഷറി ഓഫീസർ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. (പേമെന്റ് വൗച്ചർ നം. 22101238/31.03.2022)

എന്നാൽ 31.03.2022 ലെ റസീറ്റ് നം.121000303 പ്രകാരം 1 ലക്ഷം രൂപ അഗതി രഹിത കേരളം പദ്ധതിക്കുള്ള വിഹിതമായി ലഭിച്ചത് ഈ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സുലേഖയിൽ നിന്നുള്ള പ്രോജക്ട് ചെലവ് റിപ്പോർട്ട് പ്രകാരം ഈ തുക തൻവർഷം ചെലവഴിച്ചിട്ടുള്ളതാണ്. എന്നാൽ

320700205-contributions For JV Projects- Revenue Expenditure-from District Panchayats എന്ന കണക്കിൽ ഈ തുക ബാദ്ധ്യതയായി തുടരുകയാണ്.

6) 31.03.2022 ലെ ബാലൻസ് ഷീറ്റിൽ 330500201-Secured Loans- Loans From KURDFC എന്ന കണക്കിൽ 2,00,57,778 രൂപ ബാദ്ധ്യത നീക്കിയിരിപ്പുണ്ട്. എന്നാൽ 440500101- Prepaid Programme Expenses എന്ന ഹെഡിൽ 1,97,37,778 രൂപ മാത്രമേ പ്രതിഫലിക്കുന്നുള്ളൂ.

## 1-2-4 റിക്കവറി ചെയ്ത തുകകൾ അടക്കാത്തതും റീഫണ്ട് ചെയ്യാനുള്ളവ റീഫണ്ട് ചെയ്യാത്തതും

വിവിധ ഇനങ്ങളിലായി റിക്കവർ ചെയ്ത തുകകൾ അതാത് സ്ഥാപനങ്ങളിൽ അടക്കുന്നതിലും സമയ ബന്ധിതമായി ക്രമീകരിക്കുന്നതിലും വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 350200119-Recoveries Payable-COVID- | 99,922 | 2020-21 വർഷം ജീവനക്കാരുടെ ശമ്പളം താത്കാലികമായി മാറ്റി വച്ച ഇനത്തിലെ 6,15,867 രൂപയിൽ വിവിധ ഘട്ടങ്ങളിലായി 5,15,945 രൂപ തിരികെ നൽകി. ബാക്കിയുള്ള തുകയാണ് ഇത്. ഇത് സമയ ബന്ധിതമായി ക്രമീകരിക്കാതെ ബാദ്ധ്യതാ തുകയായി നിലനിർത്തി വരുന്നത് ശരിയല്ല. |
| 350200119-Recoveries Payable-Other Recoveries From Employees | 5,883 | ഈ തുക ILGMS നിലവിൽ വന്നതു മുതൽ മുന്നിരിപ്പ് ആണെന്ന് കാണുന്നു. ഈ ബാദ്ധ്യത സമയ ബന്ധിതമായി ക്രമീകരിച്ചിട്ടില്ല. |
| 350200201-Recoveries Payable-IT Deducted At Source | 31,236 | 2020 ന മുമ്പുള്ള 4,191 രൂപയും 2021 ജൂൺ, ജൂലൈ മാസങ്ങളിൽ റിക്കവർ ചെയ്ത 10,000 രൂപയും ഈ കണക്കിൽ ബാദ്ധ്യതയായി നില നിർത്തിക്കാണുന്നു. ഈ തുകകൾ ആദായ നികുതി വകുപ്പിന് യാഥാസമയം അടച്ചിട്ടില്ല. |
| 350200204-Recoveries Payable-National Pension Scheme | 17,009 | 2020 ന മുമ്പുള്ള 5,544 രൂപ നിലവിലും ഈ കണക്കിൽ നിലനിർത്തിക്കാണുന്നു. ഇത് നാളിതു വരെ അടച്ചിട്ടില്ല എന്നത് വലിയ വീഴ്ചയാണ്. |
| 350300112- Govt And Other Dues Payable-Value Of Court Fee Stamp | 330 | 23.07.2021 മുതൽ 15.03.2022 വരെയുള്ള കളക്ഷൻ തുകയാണ് ഇത്. തുക 31.03.2022 വരെ സർക്കാരിലേക്ക് അടച്ചിട്ടില്ല. |
| 350400501- Refunds Payable- Grants And Funds | 39,407 | ഈ തുക മുൻവർഷങ്ങളിലെ തുകയാണ്. ഈ തുക അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. |
| 350400999- Refund Of Unuitilised Grants- Prior Period | 20,49,383 | ഈ തുക മുൻവർഷങ്ങളിലെ തുകയാണ്. വിനിയോഗിക്കാത്ത ഗ്രാന്റ് തുകകൾ അതാത് സമയം സർക്കാരിലക്ക് തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. |

## 1-2-5 അഡ്വാൻസ് കണക്കുകളിൽ അവ്യക്തത

1. 460100199-other Advances എന്ന കണക്കിൽ 1,47,744 രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ വെള്ളപ്പൊക്ക സെസ്സ്, തുടങ്ങിയ തുകകൾ ഉൾപ്പെടുത്തിക്കാണുന്നു. ഈ ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമല്ല.

2. മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾക്കായി പഞ്ചായത്ത് നൽകിയ തുകകൾ രണ്ട് വ്യത്യസ്ത ഹെഡുകളിൽ ചേർത്തു കാണുന്നു. 460500801 എന്ന ഹെഡിൽ 10,70,913 രൂപയും 460509901 എന്ന ഹെഡിൽ 1,40,000 രൂപയും തിരികെ ലഭിക്കാനുള്ള തുകകളായി കാണുന്നു. ഒരേ ആവശ്യത്തിന് നൽകിയ തുകകൾ രണ്ടു വ്യത്യസ്ത ഹെഡുകളിൽ ചേർത്തതിന് വിശദീകരണം നൽകിയിട്ടില്ല.

### 1-2-6 ബാലൻസ് ഷീറ്റിലെ വിവിധ ഇനങ്ങളിന്മേലുള്ള നിരീക്ഷണങ്ങൾ

എ) 310900101-Excess Of Income Over Expenditure എന്ന കണക്കിൽ (-) 1,42,71,167 രൂപയാണ് ബാലൻസ് ഷീറ്റിൽ ഉള്ളത്. എന്നാൽ ട്രയൽ ബാലൻസ് പ്രകാരം ഈയിനത്തിലെ തുക (-) 1,40,79,554 രൂപയാണ്. 310900101-Excess Of Income Over Expenditure എന്നയിനത്തിന്റെ 2021-22 വർഷത്തെ ലെഡ്ജർ പ്രകാരം ഈ ഹെഡിലെ നീക്കിയിരിപ്പ് 1,30,94,069 രൂപയാണ്.

ബി) 311100101-Panchayat Distress Relief Fund എന്ന ഹെഡിൽ 1,22,211 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഈ ഫണ്ടിനായി പ്രത്യേകം അക്കൗണ്ട് ആരംഭിച്ചിട്ടില്ല. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധിയുടെ രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസ നിധിക്ക് പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതുണ്ട്.

സി) 3504800101- Liability In Respect Of Stale Cheques- ഈ കണക്കിൽ 2021-22 വർഷത്തിൽ 12,600 രൂപ മുന്നിരിപ്പ് ഉണ്ടായിരുന്നതിൽ 1,000 രൂപ 28.01.2022 ന് ക്രമപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാക്കി 11,000 രൂപ വർഷാവസാനം നീക്കിയിരിപ്പുണ്ട്. കാലഹരണപ്പെട്ട ചെക്കുകൾ യഥാസമയം ക്രമപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 1,53,57,758/- |
| വരവ് | 8,79,66,989/- |
| ആകെ | 10,33,24,747/- |
| ചെലവ് | 8,86,20,896/- |
| നീക്കിയിരിപ്പ് | 1,47,03,851/- |

### 1-4 ഫണ്ട് വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2021-22)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12253291 | 12253291 | 11982246 | 271045 | 97 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 333666 | 333666 | 333666 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 6676000 | 6676000 | 6676000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17142000 | 17142000 | 9973004 | 7168996 | 58 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5242150 | 5242150 | 3104389 | 2137761 | 59 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് -ട്രഷറി | 0 | 623419 | 623419 | 394509 | 228910 | 63 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് -ബാങ്ക് | 0 | 2576000 | 2576000 | 1881693 | 6,94,307 | 73 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി | 0 | 3967201 | 3967201 | 550840 | 3416361 | 14 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) ബാങ്ക് | 0 | 3863000 | 3863000 | 362173 | 3500827 | 9 |

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12253291 | 12253291 | 11982246 | 271045 |
| വികസനഫണ്ട് എസ്.സി.പി. | 0 | 333666 | 333666 | 333666 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 6676000 | 6676000 | 6676000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17142000 | 17142000 | 9973004 | 7168996 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5242150 | 5242150 | 3104389 | 2137761 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ട്രഷറി | 0 | 623419 | 623419 | 394509 | 228910 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ബാങ്ക് | 0 | 2576000 | 2576000 | 1824433 | 751567 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) ട്രഷറി | 0 | 3967201 | 3967201 | 550840 | 3416361 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) ബാങ്ക് | 0 | 3863000 | 3863000 | 353109 | 3509891 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് - പലിശ | 0 | 50,791 | 50,791 | - | 50,791 |
| വിവാഹ ധനസഹായം | 0 | 90000 | 90000 | 90000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 1251500 | 1534725 | 2786225 | 1022144 | 1764081 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 1478592 | 1444019 | 2922611 | 1941441 | 981170 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 115715 | 1230132 | 1345847 | 1345847 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 1856166 | 286649 | 2142815 | 1286808 | 856007 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ശുചിത്വ മിഷൻ | 3437440 | 140000 | 3577440 | 169712 | 3407728 |
| ലൈഫ് പദ്ധതി -വായ്പ | 21341780 | 740000 | 22081780 | 2024002 | 20057778 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 2623319 | 23704763 | 26328082 | 23439337 | 2888745 |
| സായംപ്രഭ | - | 210650 | 210650 | | 210650 |
| പശ്ചിമ ഘട്ട വികസന പദ്ധതി | 40956 | 3342 | 44298 | - | 44298 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 64802 | 37277 | 102079 | - | 102079 |
| കോർപ്പസ് ഫണ്ട് | 4015013 | - | 4015013 | 1769400 | 2245613 |

കുറിപ്പ്:

എ) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 1,04,01,000 രൂപ ലഭിച്ചിട്ടുണ്ട്. ട്രഷറിയിലെ LGTSB തനതു ഫണ്ട് അക്കൗണ്ടിലെ 31.03.2022 ലെ നീക്കിയിരിപ്പ് 10,96,597 രൂപയാണ്. (സർക്കാർ തിരിച്ചെടുത്ത തുക ഉൾപ്പെടെ)

ബി) റസീറ്റ് ആന്റ് പേമെന്റ് പട്ടികയിൽ ഉൾപ്പെടാത്ത പ്രധാന ഇനങ്ങളുടെ വരവു ചെലവു വിവരം ചുവടെ ചേർക്കുന്നു.

1) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെയും കരാറുകാരുടെയും അക്കൗണ്ടുകളിലേക്ക്, വേതനമിനത്തിലും സാധന സാമഗ്രികളുടെ വിലയായും നേരിട്ട് 4,43,16,895 രൂപ നൽകിയിട്ടുണ്ട്.

2) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി 5,04,40,000 രൂപ പെൻഷനർമാരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയിട്ടുണ്ട്.

3) തൊഴിലില്ലായ്മാ വേതനമിനത്തിൽ 2,040 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 209 | 24,83,19,081 | 148 | 7,34,92,364 | 0 | 61 | 70.81 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 34 | 9591987 | 23 | 4978101 | 51.90 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 3 | 1562000 | 3 | 1352000 | 86.56 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 108 | 32855179 | 69 | 16958037 | 51.61 |
| 4 | കൃഷി ഓഫീസർ | 11 | 4958709 | 11 | 4234799 | 85.40 |
| 5 | വെറ്റിനറി സർജ്ജൻ | 8 | 2140830 | 8 | 2139682 | 99.95 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 184316940 | 15 | 33302011 | 18.07 |
| 7 | പ്രധാനധ്യാപകൻ | 7 | 1697316 | 5 | 1406782 | 82.88 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 700000 | 1 | 700000 | 100 |
| 9 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 6 | 1580170 | 6 | 1538202 | 97.34 |

| | | | | | | |
|---|---|---|---|---|---|---|
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 500000 | 1 | 500000 | 100 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1000000 | 1 | 964019 | 96.40 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2460000 | 2 | 582091 | 23.66 |
| 13 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4955950 | 3 | 4836640 | 97.60 |
| | ആകെ | 209 | 24,83,19,081/- | 148 | 7,34,92,364/- | 29.60 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 115715 | 1230132 | 1345847 | 1616237 | 0 |
| വേതനം, മെറ്റീരിയൽ ചെലവ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 37280952 | 37280952 | 37280952 | 0 |
| ആകെ | 115715 | 38511084 | 38626799 | 38626799 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 2798 പദ്ധതികളുൾപ്പെടുന്ന 36.87 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 266 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 102000 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 311 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 840 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 956800 | 614 |
| വിധവാ പെൻഷൻ | 12732000 | 8087 |
| വാർദ്ധക്യകാല പെൻഷൻ | 23479800 | 15954 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 4145000 | 2639 |
| അവിവാഹിത പെൻഷൻ | 496800 | 315 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.02.2023 തീയ്യതിയിൽ 3.00 PM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 34,583/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ജീവനക്കാരുടെ ജോലി വിഭജനം നടത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ഉപ ഉത്തരവുകളിലൂടെ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട്.

2) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

3) അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

4) ഓഫീസ് മീറ്റിങ്ങ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്.ഓഡിറ്റ് വർഷം 10 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്.

5) ഓഡിറ്റ് വർഷം ഭരണ സമിതി 31 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം, ക്ഷേമം, ആരോഗ്യ വിദ്യാഭ്യാസം, ധനകാര്യം, എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

6) ഗ്രാമ പഞ്ചായത്ത് നികുതി പിരിവിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച വെക്കുന്നുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന ചെലവ് വർദ്ധിക്കുന്നതനുസരിച്ച് പ്രധാന നികുതി വരുമാന ഇനങ്ങളിൽ തതനുസൃതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും, നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിക്കാൻ/പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചാൽ തനത് നികുതി വരുമാന വർദ്ധനവിന് സഹായകരമായിരിക്കും .

7) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി

ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

8) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം ക്രിയാത്മകമായി പ്രവർത്തിച്ചിട്ടുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. വിവിധ പദ്ധതികൾ പ്രകാരം വാങ്ങുന്ന സാധന സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സാങ്കേതിക വിദഗ്ദരെ ഉൾപ്പെടുത്തി പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുവാനുള്ള നടപടികൾ കൂടി പ്രൊക്യൂർമെന്റ് കമ്മിറ്റി സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും

10) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല. നല്ല രീതിയിൽ റിക്കാർഡ് റൂം പരിപാലിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

11) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ , തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നുണ്ട്. സ്ഥിര നിക്ഷേപ രജിസ്റ്ററിൽ ഉൾപ്പെടുത്തിയ വിവരങ്ങളിൽ പൊരുത്തക്കേടുകളുണ്ട്. സ്ഥിര നിക്ഷേപങ്ങളുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ് മെന്റ് ലഭ്യമാക്കി സ്ഥിര നിക്ഷപങ്ങളുടെ വിവരങ്ങൾ കാലികമാക്കുവാനും, വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുത ചാർജ്ജ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ പരിഷ്കരിക്കുവാനും, കാലാനുസൃതമായ മാറ്റങ്ങൾ ചേർത്ത് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. അതു പോലെ പൊതു ടാപ്പുകളുടെ കണക്കും സംയുക്ത പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ്.

12) സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 ഇ-ടെണ്ടർ മുഖേന ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണഫീസ് ലഭ്യമാക്കിയില്ല.

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ RP-5 Sale & Hire Charges കോഡ് 150110101 പ്രകാരം ടെണ്ടർ ഫോറം വിൽപ്പന ഇനത്തിൽ 408401/-രൂപ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവായി ലഭിച്ചിട്ടുണ്ട്. ഇത് മാന്വൽ ആയി വിതരണം ചെയ്ത ടെണ്ടർ ഫോമുകളുടെ വിലയാണ്. ഇ-ടെണ്ടർ ബിഡ് സമർപ്പണ ഫീസ് ഇനത്തിലെ തുക ഇതിൽ ഉൾപ്പെട്ടിട്ടില്ല.

ഇ-ടെണ്ടർ ബിഡ് സമർപ്പണ ഫീസ് ക്രെഡിറ്റു ചെയ്യുന്നതിനായി എസ്.ബി.ഐ. ഹോസ്ദുർഗ് ശാഖയിൽ കള്ളാർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഒരു കറന്റ് അക്കൗണ്ട് (നം.37317593248) ആരംഭിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് 1.4.2014 മുതൽ 31.3.2018 വരെയുള്ള കാലയളവിൽ ഇ-ടെണ്ടർ മുഖേന നിർവ്വഹണം ചെയ്ത പദ്ധതികളുടെ ബിഡ് സമർപ്പണ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്തിരുന്ന തുക പഞ്ചായത്തിന് തിരികെ

ലഭിച്ചതുൾപ്പെടെ 27.12.2022 തീയ്യതി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ 248466/- രൂപയുടെ നീക്കിയിരിപ്പാണുള്ളത്. മേൽ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.06 തീയ്യതി 10.02.2023)

1-11 തൊഴിൽ നികുതി-അപാകതകൾ

1) എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ) ,1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2021-22 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | ലൈസൻസ് നം. | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | ശ്രീനിവാസൻ കെ | 91 | 4/355 | സ്റ്റാർ വെൽഡിംഗ് ഷോപ്പ് | 3 |
| 2 | ജോസ് മോൻ സിറിയക് | 107 | 12/414, 415 | ജപമാല എഞ്ചിനീയറിങ്ങ് | 4 |
| 3 | കെ സി രാജു | 127 | 11/167 | കെ കെ ഇന്റർലോക്ക് പ്രൊഡക്ട്സ് | 3 |
| 4 | നൗഷി മോൾ പി | 137 | 8/13 | വിവിഡ് ഓഫ് പ്രിന്റിംഗ് പ്രസ്സ് | 3 |
| 5 | സന്തോഷ് ജോസഫ് | 164 | 6/22 | മലബാർ സിമന്റ് പ്രൊഡക്ട്സ് | 4 |
| 6 | സകുലൻ ഗോപാലൻ | 306 | 3/175A | വി & വി ഫ്യൂവൽസ് | 7 |
| 7 | ജോണി എ എ | 331 | 6/41B | മാലക്കല്ല് എം സാന്റ് | 4 |
| 8 | എ ജെ ജോയ് | 333 | 3/122B | മേരി മാതാ സിമന്റ് വർക്ക്സ് | 3 |
| 9 | സെക്രട്ടറി, പനത്തടി | 374 | 4/485 | ഫാബ്രിക് കോട്ടൺ ക്യാരി | 4 |

| | | | | | |
|---|---|---|---|---|---|
| | വനിത സർവ്വീസ് സഹകരണ സംഘം | | | ബാഗ് നിർമ്മാണം | |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2) ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1 | ആർ പ്രഭാകരൻ, അറ്റന്റർ | ഗവ. ഹോമിയോ ഡിസ്പെൻസറി, രാജപുരം | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച ജീവനക്കാരനിൽ നിന്നും ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത.

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ചില ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ തുക കുറവു വന്നതിനാൽ ഗ്രാമപഞ്ചായത്തിനു നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നം.14 തീയ്യതി 10.02.2023)

1-12 ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം തുടരുന്നു

1) 2021, 2022 വർഷങ്ങളിലെ ഡെത്ത് രജിസ്ട്രേഷൻ രേഖകളിൽ നിന്നും ലഭിച്ച ആധാർ വിവരങ്ങൾ സേവന സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ആനുകൂല്യം കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും അവരുടെ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ തുക അനുവദിച്ച് വരുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി, രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | അനുവദിച്ച തുക |
|---|---|---|---|---|
| മേരി ജോസഫ് | 112050201128 | 13.3.2022, 47/22 | 4/2022 മുതൽ 06/2022 വരെ | 1600x3= 4800 |
| കമലാക്ഷി കെ | 112050200228 | 23.3.2022, 38/22 | 4/2022 മുതൽ 06/2022 വരെ | 1600x3= 4800 |

| | | | | |
|---|---|---|---|---|
| വി ജെ മാത്യൂ | 112050200516 | 6.3.2022, 33/22 | 4/2022 മുതൽ 06/2022 വരെ | 1600x3= 4800 |
| നാരായണി പി | 112050600259 | 9.1.2022, 29/22 | 02/2022 മുതൽ 08/2022 വരെ | 1600x7= 11200 |
| രാഘവൻ നായർ എൻ | 112050201325 | 14.12.2021, 16/22 | 01/2022 മുതൽ 06/2022 വരെ | 1600x6= 9600 |
| കുട്ടപ്പൻ നായർ | 112050201039 | 6.12.2021, 13/22 | 01/2022 മുതൽ 6/2022വരെ | 1600x6= 9600 |
| പി കൃഷ്ണൻ നായ്ക്ക് | 112050200335 | 30.6.2021, 112/2021 | 07/2021 മുതൽ 11/2022വരെ | 1600x17= 27200 |
| പത്മനാഭ ഭട്ട് | 112050200864 | 22.5.2021, 55/21 | 6/2021 മുതൽ 10/2021 വരെ | 1600x5= 8000 |
| തോമസ് എം ജെ | 112050200677 | 9.5.2021, 53/21 | 6/2021 മുതൽ 11/2022 വരെ | 1600x18= 28800 |
| എല്യമ്പിച്ചി | 112050200589 | 22.4.2021, 52/21 | 5/2021 മുതൽ 11/2022വരെ | 1600x19= 30400 |
| ഔസേഫ് കെ കെ | 112050201368 | 27.11.2019, 24/21 | 12/2019 മുതൽ 10/2020 വരെ | 600x11= 6600 |
| | | | 11/2020 മുതൽ 03/2021 വരെ | 1500x5= 7500 |
| | | | 04/2021 മുതൽ 11/2022 വരെ | 1600x20= 32000 |
| | | | ആകെ | 46100 |
| ശിവരാമൻ | 112050200827 | 31.12.2020, 12/21 | 1/2021 മുതൽ 3/2021 വരെ | 1500x3= 4500 |
| | | | 4/2021 മുതൽ 9/2021 വരെ | 1600x6= 9600 |
| അമ്മാളു അമ്മ | 112050201286 | 27.08.2020, 11/21 | 9/2020 മുതൽ 3/2021 വരെ | 1500x7= 10500 |
| | | | 4/2021 മുതൽ 6/2022 വരെ | 1600x15= 24000 |
| | | | ആകെ | 34500 |
| ആകെ | | | | 2,33,900/- |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷം അവരുടെ അക്കൗണ്ടുകളിലേയ്ക്ക് അനുവദിക്കപ്പെട്ട പെൻഷൻ തുക തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിലേയ്ക്ക് ഒടുക്കുവാൻ നടപടികൾ സ്വീകരിച്ച് തുക ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷപെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ, പരിശോധിച്ച്

മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

കർഷക പെൻഷൻ

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി, രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | അനുവദിച്ച തുക |
|---|---|---|---|---|
| രാഘവൻ നായർ എൻ | 2220257461 | 14.12.2021, 16/22 | 01/2022 മുതൽ 11/2022വരെ | 1600x11= 17600 |
| നാരായണി | 2220257437 | 2.7.2021, 70/21 | 8/21 മുതൽ 9/2022വരെ | 1600x14= 22400 |
| ആകെ | | | | 40,000/- |

മേൽ വിഷയം പരിശോധിച്ച് ഇക്കാര്യം മരണപ്പെട്ടവരുടെ ബന്ധുക്കളെ അറിയിച്ച് അനർഹമായി അനുവദിച്ച കർഷക പെൻഷൻ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കർഷകപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട നടപടികൾ കൃഷി ഭവൻ മുഖേന സ്വീകരിക്കുന്നതിനാൽ കൃഷി ഭവൻ മുഖേന കർഷക പെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ ശേഖരിച്ച് മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഗുണഭോക്താക്കളുടെ മരണ ശേഷം മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്തിരിക്കുന്നു .

2021, 2022 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് മറ്റ് സ്ഥാപനങ്ങളിൽ നിന്നും ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, വിശദാംശങ്ങൾ | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി, രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | അനുവദിച്ച തുക |
|---|---|---|---|---|
| ഗോപാലൻ നായർ കെ- കർഷക പെൻഷൻ (കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്) | 2220317258 | 14.10.2021, 122/21 | 11/2021 മുതൽ 11/2022 വരെ | 1600x13= 20800 |
| ആൻസി ജേക്കബ്- വാർദ്ധക്യകാല പെൻഷൻ (കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്) | 112000202336 | 14.10.2021, 119/21 | 11/2021 മുതൽ 11/2022 വരെ | 1600x13= 20800 |

| | | | | |
|---|---|---|---|---|
| ശ്രീദരൻ വി-വാർദ്ധക്യകാല പെൻഷൻ (അജാനൂർ ഗ്രാമപഞ്ചായത്ത്) | 111980203916 | 30.10.2021, 112/21 | 11/2021 മുതൽ 11/2022 വരെ | 1600x13= 20800 |
| സുകുമാരൻ നായർ ടി എൻ-വാർദ്ധക്യകാല പെൻഷൻ (പനത്തടി ഗ്രാമപഞ്ചായത്ത്) | 112030200646 | 14.10.2021, 102/21 | 11/2021 മുതൽ 11/2022 വരെ | 1600x13= 20800 |
| ചെരുമ്പൻ-വാർദ്ധക്യകാല പെൻഷൻ (ബളാൽ ഗ്രാമപഞ്ചായത്ത്) | 111990200990 | 18.05.2021, 57/21 | 06/2021 മുതൽ 10/2021 വരെ | 1600x5= 8000 |
| ആകെ | | | | 91200 |

ഇത്തരത്തിൽ പെൻഷൻ വിതരണം ചെയ്യുന്ന സ്ഥാപനത്തിനു പുറത്തായി മരണ രജിസ്ട്രേഷൻ ചെയ്യുന്ന സാഹചര്യത്തിൽ ആയത് സ്ഥാപനത്തിൽ അറിയാതെ പോകുന്നതിനാൽ മരണശേഷവും പെൻഷൻ വിതരണം നടന്നുവരുന്നു. മേൽ സ്ഥാപനങ്ങൾക്ക് വിവരം അറിയിക്കുന്നതിനുള്ള നടപടി കൈകൊള്ളേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.19 തീയ്യതി 13.02.2023)

## 1-13 മരുന്നിന് അഡ്വാൻസ് തുക നൽകിയയെങ്കിലും ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)

തുക നൽകിയത് : കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്. (ഹോംകോ) T.432

അക്കൗണ്ട് നമ്പർ : 34306403911

2021-22 വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്റ്റ് നം.25/2021-22 പ്രകാരം, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ അക്കൗണ്ട് നമ്പർ-34306403911-ലേക്ക്, മരുന്ന് തുകയായ 5,00,000/-രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (എന്നാൽ 4,03,902/- രൂപയുടെ മരുന്ന് മാത്രമേ ആശുപത്രിയിൽ ലഭിച്ചിട്ടുള്ളൂ, ബാക്കി 96,098/- രൂപയുടെ മരുന്നുകൾ ആശുപത്രിയിൽ ലഭിച്ചിട്ടില്ല). വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ /പ്രൊജക്റ്റ് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ/ തുക | ഫണ്ട് | നിർവ്വഹണ ദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | 2021-22 | 5,00,000/-രൂപ | 5,00,000/-രൂപ | 01/202122 തിയ്യതി 05.11.2021 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മരുന്ന് ലഭിക്കാത്ത വിഷയം അടിയന്തിരമായി ബന്ധപ്പെട്ട സ്ഥാപനത്തെ ധരിപ്പിച്ച് മരുന്നുകൾ ലഭ്യമാക്കി, ആയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 96,098/-(5,00,000-4,03,902=96,098) രൂപ തടസ്സപ്പെടുത്തുന്നു.

1-14 തൊഴിലുറപ്പ് പദ്ധതി -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട ജി.എസ്.ടി കുറവു ചെയ്യുന്നില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ഇപ്രകാരം ജി.എസ്.ടി. തുക കുറവ് ചെയ്തതായി കാണുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസ് മുഖേനയാണ് നടത്തുന്നത്. പ്രസ്തുത സോഫ്റ്റ്‌വെയറിൽ സ്രോതസ്സുകളിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ അന്തിമ ബിൽ പ്രകാരമുള്ള ജി.എസ്.ടി. തുക വെണ്ടർ/ സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി, ബില്ല് സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കപ്പെടുന്ന ജി.എസ്.ടി. തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ജി.എസ്.ടി വകുപ്പിൽ യഥാസമയം അടയ്ക്കേണ്ടതുമാണ് എന്ന് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.07.2019 തീയ്യതിയിലെ സർക്കുലർ നം. 957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ചുവടെ പരാമർശിച്ച കരാറുകാരനിൽ നിന്നും ജി.എസ്.ടി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | എഫ്.ടി.ഒ. നമ്പർ & തിയതി | ഈടാക്കേണ്ട ജി.എസ്.ടി |
|---|---|---|---|---|---|
| 1 | ചെരുമ്പച്ചാൽ മിച്ചഭൂമി പെരുമ്പള്ളി റോഡ് ചെങ്കൽ സോളിംഗ് | റെജി ജോസഫ് | 198000 | 983180, തിയ്യതി 31.03.2021 | 5335/- |
| | | | 68770 | 396476, തിയ്യതി 01.09.2021 | |

(ഓഡിറ്റ് എൻക്വയറി നം.21 തീയ്യതി 13.02.2023)

1-15 ടിഷ്യൂ കൾച്ചർ നേന്ത്ര വാഴ തൈ വിതരണം-രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ചെലവ് തുകയായ 5,61,250 രൂപ തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ടിഷ്യൂ കൾച്ചർ നേന്ത്ര വാഴ തൈ വിതരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 5,61,250 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നമ്പർ | 117/2021-22 |
| പ്രൊജക്ടിന്റെ പേര് | ടിഷ്യു കൾച്ചർ നേന്ത്ര വാഴ തൈ വിതരണം |
| അടങ്കൽ തുക | 5,60,577 (വികസന ഫണ്ട് ജനറൽ)<br>673 (തനതു ഫണ്ട്) |
| ചെലവ് തുക | 5,60,577 + 673 =5,61,250 രൂപ |
| ബിൽ തുക /തിയ്യതി | 13/2021-22 തിയ്യതി: 11.02.2022 തുക-5,60,577/-, ചെക്ക് നം. 07004232 തിയ്യതി 30.03.2022 തുക-673/- |

